# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 30

# വാർത്താക്കുറിപ്പ്

## എം.ജി. സർവകലാശാലയ്ക്ക് കീഴിലെ കോളജുകളിൽ വകുപ്പ് മേധാവി സ്ഥാനം റൊട്ടേഷൻ സമ്പ്രദായത്തിൽ

**– മൂന്നുവർഷം കൂടുമ്പോൾ വകുപ്പ് മേധാവി മാറും**

**– ഈ അധ്യയന വർഷം മുതൽ നടപ്പാക്കും**

**– ബിരുദാനന്തരബിരുദ പ്രവേശനം; പോർട്ടൽ എട്ടിന് തുറക്കും**

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള സർക്കാർ, എയ്ഡഡ്, സ്വയംഭരണ കോളജുകളിൽ വകുപ്പ് മേധാവി സ്ഥാനം ഈ അധ്യയന വർഷം മുതൽ റൊട്ടേഷൻ സമ്പ്രദായത്തിലാക്കാൻ സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു . വൈസ് ചാൻസലർ പ്രൊഫ . സാബു തോമസിന്റെ അധ്യക്ഷതയിൽ സർവകലാശാലയിൽ കൂടിയ യോഗത്തിലാണ് തീരുമാനം.

മൂന്ന് വർഷമാണ് വകുപ്പുമേധാവിയുടെ കാലാവധി . വകുപ്പ് മേധാവിയായി മൂന്ന് വർഷം പൂർത്തീകരിച്ചവർ ജൂണിൽ തന്നെ അടുത്ത സീനിയർ അധ്യാപകർക്ക് ചുമതല കൈമാറണം . മാനേജരും പ്രിൻസിപ്പലും ഇതിനാവശ്യമായ നടപടി സ്വീകരിക്കണം. അസോസിയേറ്റ് പ്രൊഫസർമാർക്കാണ് ചുമതല കൈമാറേണ്ടത്. അസോസിയേറ്റ് പ്രൊഫസറുടെ അഭാവത്തിൽ അഞ്ചു വർഷം പൂർത്തീകരിച്ച അസിസ്റ്റന്റ് പ്രൊഫസർക്ക് ചുമതല കൈമാറാം . അല്ലാത്തപക്ഷം നിലവിൽ ചുമതലപ്പെട്ടയാൾ തന്നെ ചുമതല നിർവഹിക്കണം. വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർമാർ മാത്രമേ ഉള്ളൂവെങ്കിൽ സർവീസ് കണക്കാക്കി അഞ്ചു വർഷത്തിലധികം സർവീസുള്ളവർക്ക് സീനിയോരിറ്റി കണക്കാക്കി മേധാവി സ്ഥാനം നൽകാം . സ്വയംഭരണ കോളജുകൾക്കടക്കം ഇതു ബാധകമാണ്.

ആറാം സെമസ്റ്റർ ബിരുദഫലം അതിവേഗം പ്രഖ്യാപിക്കുന്നതിന് കഠിനപ്രയത് നം ചെയ്ത അധ്യാപകർ, ജീവനക്കാർ, പ്രിൻസിപ്പൽമാർ എന്നിവരെ സിൻഡിക്കേറ്റ് യോ ഗം അഭിനന്ദിച്ചു . സർവകലാശാല സ്കൂളുകളിൽ തന്നെ വിവിധ ഉപവിഷയങ്ങളിൽ വകുപ്പുകൾ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.

സർവകലാശാല അധ്യാപകരുടെ പ്രോജക്ടുകൾ വേഗത്തിൽ നടപ്പാക്കുന്നതിന് ഗ്രീൻചാനൽ സംവിധാനം വഴി നടപടി സ്വീകരിക്കും . സർവകലാശാല പുതുതായി ആരംഭിക്കുന്ന ഹ്ര സ്വകാല കോഴ്സുകളുടെ രജിസ്ട്രേഷൻ മേയിൽ ആരംഭിക്കും . ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള പോർട്ടൽ മേയ് എട്ടിന് തുറക്കും . ഏതെങ്കിലും ഒരു വിഷയത്തിന് തോറ്റതിനാൽ ബി .ടെക്. കോഴ്സ് ജയിക്കാൻ കഴിയാത്തവർക്ക് പരമാവധി അഞ്ചു മാർക്ക് വരെ സിൻഡിക്കേറ്റ് മോഡറേഷൻ നൽകാനും യോഗം തീരുമാനിച്ചു.

(പി.ആർ.ഒ./39/781/2019)

## പരീക്ഷ ഫലം

2019 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്.) ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.ടി.എസ്., ബി.പി.എ., ബി.എസ്.ഡബ്ല്യൂ., ബി.എഫ്.റ്റി.(റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/782/2019)

2019 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി .കോം. സി.ബി.സി.എസ്.എസ്. ( മോഡൽ I,II,III- റഗുലർ- 2016 അഡ്മിഷൻ, സപ്ലിമെന്ററി 2013-2015) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 14 വരെ അപേക്ഷിക്കാം. തൊടുപുഴ അൽ അഷർ കോളജിലെ ബി.കോ. മോഡൽ I ഫലം ഉടൻ പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ./39/783/2019)

2018 ഏപ്രിലിൽ നടന്ന എം .ഫിൽ ഒന്നാം സെമസ്റ്റർ ഫിഷറി ബയോളജി ആൻഡ് അക്വകൾച്ചർ(റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . സൂക്ഷ്മപരിശോധനയ്ക്ക് മേയ് 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/784/2019)

## എം.ജി.യിൽ സർട്ടിഫിക്കറ്റ് കോഴ്സ്

## പ്രവേശനം മേയ് ഏഴു മുതൽ

മഹാത്മാഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിങ് ആൻഡ് എക് സ്റ്റൻഷൻ വകുപ്പ് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ് സുകളുടെ പുതിയ ബാച്ചിലേക്ക് പ്രവേശനം ആരംഭിച്ചു . സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസിലിങ്ങിലേക്കുള്ള പ്രവേശനം മേയ് ഏഴിനും സ ർട്ടിഫിക്കറ്റ് കോഴ് സ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിങ് ഡിസബിലിറ്റീസ് കോഴ് സിലേക്ക് മേയ് എട്ടിനും സർട്ടിഫിക്കറ്റ് കോഴ് സ് ഇൻ യോഗിക് സയൻസിലേക്ക് മേയ് ഒമ്പതിനും പ്രവേശനം നടക്കും . പ്രവേശന നടപടികൾ രാവിലെ 10 ന് ആരംഭിക്കും . പ്ലസ്ടു/പ്രീഡിഗ്രി ജയമാണ് യോഗ്യത . സർട്ടിഫിക്കറ്റ് കോഴ് സ് ഇൻ ഓർഗാനിക് ഫാമിങ്ങിലേക്ക് മേയ് 10ന് പ്രവേശനം നടക്കും. മലയാളം എഴുതാനും വായിക്കാനുമുള്ള കഴിവാണ് യോഗ്യത. 5100 രൂപയാണ് കോഴ് സുകളുടെ ഫീസ് . വിശദവിവരങ്ങൾക്ക് ഫോൺ : 0481 2731560, 2731724, 9544981839.

(പി.ആർ.ഒ./39/785/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ